LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പുതിയ നാമധേയം

145 (7981) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റുന്നതു സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേരുമാറ്റിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

2011 മേയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ തസ്തികകൾ

146 (7982) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത് ;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലേക്കായാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത് ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2011 മേയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ജോയിന്റ് ഡയറക്ടർ-3, ഓഡിറ്റ് ഓഫീസർ-1, ഓഡിറ്റർ-2, ടൈപ്പിസ്റ്റ്-3, പ്യൂൺ-3 എന്നീ തസ്തികകൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് വിഭാഗങ്ങൾ കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, എറണാകുളം, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ എന്നിവിടങ്ങളിൽ രൂപീകരിക്കുന്നതിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത്.

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ

147 (7983) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ പ്രവർത്തിച്ച് വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരെ കണ്ടെത്താൻ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് മിഷന്റെ ധനസഹായങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംരംഭകർക്ക് നൽകുന്ന പലിശരഹിത സാമ്പത്തിക സഹായങ്ങളെ കുറിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും അഞ്ച് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലക്ഷ്യമാക്കുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ, 2011-12-ലെ കേരള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 8-12-2011-ലെ ജി.ഒ. (എംഎസ്.) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തു. യുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും സംരംഭകത്വവും വളർത്തി അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് നോഡൽ ഏജൻസി.

LIBRARY ARCHIVES Kerala Legislative Assembly